**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 37** **02-02-2023 - ൽ മറുപടിയ്ക്ക്**

**കൂടുതൽ വൈദ്യുതി ചാർജിംഗ് സ്റ്റേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി സി. കെ. ആശ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | രാജ്യത്ത് ഏറ്റവും കൂടുതൽ വൈദ്യുതി ചാർജിംഗ് സ്റ്റേഷനുകൾ ഉള്ള സംസ്ഥാനങ്ങളിലൊന്ന് എന്ന നിലയിൽ ഈ രംഗത്തെ പ്രവർത്തനങ്ങൾ വിപുലീകരിക്കുവാൻ സംസ്ഥാനത്ത് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | ഇലക്ട്രിക്കൽ വെഹിക്കിൾ പോളിസി, 2019 ന്റെ ഭാഗമായി സംസ്ഥാനത്ത് ചാർജിംഗ് ശൃംഖല സ്ഥാപിക്കുന്നതിനുള്ള ചുമതല സംസ്ഥാന നോഡൽ ഏജൻസിയായ കെ.എസ്.ഇ.ബി.എല്ലിനാണ്.<br><br>**1. <u>കെ.എസ്.ഇ.ബി.എൽ നടത്തിയ പ്രവർത്തനങ്ങൾ:</u>**<br><br>സർക്കാർ സാമ്പത്തിക സഹായത്തോടെ എല്ലാ ജില്ലകളിലും ആയി 63 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളുടെയും, എല്ലാ നിയോജക മണ്ഡലങ്ങളിലുമായി 1166 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളുടെയും നിർമ്മാണം പൂർത്തീകരിക്കുകയും ഇവയിൽ ഭൂരിഭാഗവും പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുകയും ചെയ്തിട്ടുണ്ട്. സൗകര്യപ്രദമായ ചാർജിംഗിനായി ഒരു മൊബൈൽ ആപ്പ് കെ.എസ്.ഇ.ബി.എൽ വികസിപ്പിച്ചിട്ടുണ്ട്. ചാർജിംഗ് സ്റ്റേഷനുകളിൽ വെയിലും, മഴയും ഏൽക്കാതെ ചാർജ് ചെയ്യുന്നതിനുള്ള കനോപ്പി/ മേൽക്കൂര, ഇരിപ്പിടങ്ങൾ തുടങ്ങിയുള്ള സൗകര്യങ്ങളും സജ്ജീകരിച്ച് വരുന്നു.<br><br>**<u>2. അനെർട്ട് നടത്തിയ പ്രവർത്തനങ്ങൾ</u>** സ്വകാര്യ ഹോട്ടലുകൾ, റസ്റ്റാറന്റുകൾ, മാളുകൾ, കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന ഫാസ്റ്റ് ചാർജിംഗ് മെഷീനുകൾക്ക് മെഷീൻ വിലയുടെ 25% സംസ്ഥാന സർക്കാർ സബ്സിഡിയായി അനെർട്ട് വഴി നൽകി വരുന്നു. സ്വകാര്യ സംരംഭകരെ ഈ രംഗത്ത് ആകർഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഇലക്ട്രിക് വാഹനങ്ങൾ കൂടിവരുന്ന സാഹചര്യത്തിൽ | (ബി) | നിയമനിർമ്മാണം സംബന്ധിച്ച നടപടിക്രമങ്ങൾ |

| | | | |
|---|---|---|---|
| | അവ ചാർജ് ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ലഭിക്കുക എന്നത് ഉപഭോക്താവിന്റെ അവകാശമായി കാണുന്ന തരത്തിലുള്ള നിയമ നിർമ്മാണം പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | | നിലവിൽ ആരംഭിച്ചിട്ടില്ല. |
| (സി) | ഉയർന്ന ജനസംഖ്യയും ഭൂവിസ്തൃതിയുമുള്ള മണ്ഡലങ്ങളിൽ കൂടുതൽ ചാർജിംഗ് സ്റ്റേഷനുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഒരു പഞ്ചായത്തിൽ ഒരു ചാർജിംഗ് സ്റ്റേഷനെങ്കിലും ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; | (സി) | നിലവിൽ ഇല്ല. ആവശ്യകതയനുസരിച്ച് സ്വകാര്യ സംരംഭകരെ ഈ രംഗത്തേയ്ക്ക് ആകർഷിച്ച് കൂടുതൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |
| (ഡി) | ഹോട്ടലുകൾ, മാളുകൾ, സ്വകാര്യ സ്ഥാപനങ്ങൾ, സർക്കാർ അതിഥി മന്ദിരങ്ങൾ എന്നിവയിൽ സൗരോർജ്ജ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ? | (ഡി) | ഹോട്ടലുകൾ, മാളുകൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സൗരോർജ്ജ ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ അനെർട്ട് വഴി നടപ്പിലായി വരുന്നു. ഈ പദ്ധതി പ്രകാരം നാല് സ്ഥലങ്ങളിൽ സൗരോർജ്ജ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചു കഴിഞ്ഞു. ഈ പദ്ധതി പ്രകാരം സൗരോർജ്ജ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന സ്വകാര്യ സ്ഥാപനങ്ങൾക്ക് DC ഫാസ്റ്റ് ചാർജിംഗ് മെഷീനിന്റെ വിലയുടെ 25% ഉം, കൂടാതെ സൗരോർജ്ജ സംവിധാനം ഒരുക്കിയാൽ ഒരു കിലോ വാട്ടിന് Rs.20,000/- എന്ന കണക്കിന് 50 കിലോ വാട്ടിന് പരമാവധി Rs.10 ലക്ഷം രൂപയും സംസ്ഥാന സർക്കാർ സബ്സിഡിയായി നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ